"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - വകുപ്പിന്റെ കീഴിലുള്ള വിവിധ ഹോസ്റ്റലുകളിൽ കുക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രവൃത്തി സമയം ലഘൂകരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

**സ.ഉ(സാധാ) നം. 487/2022/പജപവവിവ.** **തീയതി, തിരുവനന്തപുരം, 10.05.2022**

പരാമർശം:- 1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 04.02.2022-ലെ ഡി4-15001/21 നമ്പർ കത്ത്.

2. 04.01.2022-ലെ സ.ഉ(സാധാ)നം.17/2022/പജപവവിവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, എം.ആർ.എസ് ഹോസ്റ്റലുകളിൽ കുക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രവൃത്തി സമയം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് ഇതേ ഉദ്ദേശത്തോടെ പട്ടികജാതി വികസന വകുപ്പിൽ നിന്നും പുറപ്പെടുവിച്ച പരാമർശം (2) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പട്ടികവർഗ്ഗ വികസന വകുപ്പിനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (1) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, എം.ആർ.എസ് ഹോസ്റ്റലുകളിൽ കുക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രവൃത്തി സമയം ലഘൂകരിക്കുന്നതിനും ജോലി ഭാരം കുറയ്ക്കുന്നതിനും കുട്ടികളുടെ എണ്ണം കണക്കാക്കി കുക്ക് തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ട്. ആയത് ജോലിഭാരം പരിശോധിച്ചും വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞും വിശദമായ ചർച്ചകളിലൂടെ തീരുമാനിക്കേണ്ടതായ വിഷയമാണ്. എന്നിരുന്നാലും കുട്ടികൾക്ക് ശരിയായ രീതിയിൽ ഭക്ഷണം ലഭ്യമാക്കുന്നതിനും ജീവനക്കാർക്ക് മാനസിക സമ്മർദ്ദം ഇല്ലാതെ ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതും അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.